**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** **12-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പശ്ചാത്തലത്തിൽ വായ്പാ തിരിച്ചടവ് മുടങ്ങിയവർക്ക് ആശ്വാസ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മോറട്ടോറിയം അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോടും റിസർവ് ബാങ്കിനോടും അവശ്യപ്പെടുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 –Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 – Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ നിർദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പ വരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സംസ്ഥാന സർക്കാർ റിസർവ്വ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു.മുഖ്യമന്ത്രിയും ധനകാര്യ വകുപ്പമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| | | | കേന്ദ്ര സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ, എന്നിവയിൽ നിന്നും എടുക്കുന്ന 2 ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ 4 ശതമാനം വരെ സംസ്ഥാന സർക്കാർ ആറു മാസത്തേക്ക് വഹിക്കുന്നതാണെന്നും കെ എഫ് സി യിൽ നിന്നും വായ്പയെടുത്ത് 2020 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരഭകരുടെ വായ്പകൾക്ക് ബജറ്റിൽ പറഞ്ഞതനുസരിച്ച് ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കുമെന്നും ബഹു.ധനകാര്യ വകുപ്പ് മന്ത്രി 30.07.2021 ന് ചട്ടം 300 അനുസരിച്ച് നിയമസഭയിൽ നടത്തിയ പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്താവനയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോവിഡ് കാലത്ത് വായ്പാ തിരിച്ചടവ് മുടങ്ങിയ മുഴുവൻ പേർക്കും സിബിൽ സ്കോറിൽ വലിയ ഇടിവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കോവിഡ് പ്രതിസന്ധിയെ തുടർന്ന് 2020 ൽ അനുവദിക്കപ്പെട്ട മോറട്ടോറിയം മൂലം ഉപഭോക്താക്കളുടെ വായ്പ്പകളിൻമേൽ ബാങ്കുകൾ വരുത്തുന്ന മാറ്റങ്ങൾ, ഉപഭോക്താക്കളുടെ ക്രെഡിറ്റ് ഹിസ്റ്ററിയെ ബാധിക്കാതിരിക്കാൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾക്ക് റിസർവ്വ് ബാങ്ക് നിർദേശം നൽകിയിട്ടുണ്ട്. 2021 ലെ കോവിഡിന്റെ രണ്ടാം തരംഗത്തെ തുടർന്ന് റിസർവ്വ് ബാങ്ക് പുറത്തിറക്കിയ Resolution Framework - 2 ൽ ബാങ്കുകൾ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുന്ന ഉപഭോക്താളുടെ ക്രെഡിറ്റ് ഹിസ്റ്ററിയിൽ "restructured due to COVID-19" എന്ന് തന്നെ രേഖപ്പെടുത്തണമെന്ന് പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് കാലത്തെ വായ്പാ തിരിച്ചടവ് മുടങ്ങിയത് കാരണം ജപ്തി നടപടികൾ വ്യാപകമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ് കാലത്തെ വായ്പാ തിരിച്ചടവ് മുടങ്ങിയത് കാരണം റവന്യൂ റിക്കവറി നിയമപ്രകാരം ജപ്തി നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ